"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണം - തലസ്ഥാന് നഗര വികസന പദ്ധതി - മ്യൂസിയം - തമ്പാനൂർ - ഓവർ ബ്രിഡ്ജ് റോഡ് - എൽ.എ.ആർ 67/2011-ന്മേലുള്ള ബാലൻസ് തുകയായ 75,44,215/- രൂപ ശ്രീമതി ഇന്ദിരാ ബഷീറിന് അനുവദിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നല്കിയും പ്രസ്തുത തുക ടിയാൾക്ക് റിലീസ് ചെയ്യുന്നതിന് അനുമതി നല്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.900/2024/LSGD തീയതി,തിരുവനന്തപുരം, 23-05-2024

പരാമർശം:-
1. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 26.08.2022-ലെ കെ15/342619/21 നമ്പർ നടപടിക്രമം.
2. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 07.12.2023 തീയതിയിലെ എ3/1736/2023/ടിഡ നമ്പർ കത്ത്
3. സ.ഉ.(സാധാ)നം.368/2024/തസ്വഭവ, തീയതി 14.02.2024
4. സ.ഉ.(സാധാ)നം.4041/2024/ധന തീയതി 16.05.2024

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി മ്യൂസിയം ബേക്കറി തമ്പാനൂർ ഓവർബ്രിഡ്ജ് റോഡ് വികസനനത്തിനായി തൈക്കാട് വില്ലേജിൽ സർവ്വേ നം.1151/2-ൽ ഉൾപ്പെട്ടതും ശ്രീമതി ഇന്ദിര ബഷീറിന്റെ ഉടമസ്ഥതയിലുണ്ടായിരുന്നതുമായ 1.33 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ.67/2011 നമ്പർ കേസിൽ കക്ഷി ഫയൽ ചെയ്ത E.P.No.502/21 നിലനിൽക്കുന്ന സാഹചര്യത്തിൽ, ബാക്കി ഡിക്രി തുകയായ 75,44,215/- രൂപ കക്ഷിയ്ക്ക് അനുവദിക്കുന്നതിനും, കോടതിയാവശ്യത്തിനായി പരാമർശം (1) പ്രകാരം ജില്ലാ കളക്ടറുടെ സസ്പെൻസ് ഹെഡിൽ നിന്ന് അനുവദിച്ച 64,89,353/- രൂപ തിരികെ റിക്കപ്പ് ചെയ്യുന്നതിലേക്കും, അടിയന്തര നടപടി സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം ടിഡ സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) മേൽ പരാമർശിച്ച ആകെ തുകയായ 1,40,33,568/- രൂപ (75,44,215/- + 64,89,353/-) (ഒരു കോടി നാല്പത് ലക്ഷത്തി മുപ്പത്തിമൂവായിരത്തി അഞ്ഞൂറ്റി അറുപത്തിയെട്ട് രൂപ മാത്രം) കക്ഷിയ്ക്ക് അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം 2023-24 സാമ്പത്തിക വർഷം ഭരണാനുമതി ഉത്തരവായെങ്കിലും ടി തുക ടി സാമ്പത്തിക വർഷം റിലീസ് ചെയ്യാൻ കഴിഞ്ഞിരുന്നില്ല. നടപ്പ് സാമ്പത്തിക വർഷം പരാമർശം (4) പ്രകാരം 75,45,000/- രൂപ, 4217-60-800-93-PAYMENT OF COMPENSATION IN LAR CASES (Plan-Charged)' ശീർഷകത്തിൽ അധിക ധനാനുമതിയായി അനുവദിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി ഇന്ദിര ബഷീറിന് അനുവദിക്കുന്നതിലേക്ക് പരാമർശം (1) പ്രകാരം ട്രിഡ സെക്രട്ടറി ആവശ്യപ്പെട്ട ബാലൻസ് തുകയായ 75,44,215/- രൂപ (എഴുപത്തിയഞ്ച് ലക്ഷത്തി നാല്പത്തി നാലായിരത്തി ഇരുന്നൂറ്റി പതിനഞ്ച് രൂപ) നടപ്പ് സാമ്പത്തികവർഷം '4217-60-800-93-PAYMENT OF COMPENSATION IN LAR CASES (Plan-Charged)' ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നതിന് പുതുക്കിയ ഭരണാനുമതി പുറപ്പെടുവിച്ചും അധിക ധനാനുമതിയായി പരാമർശം (4) പ്രകാരം അനുവദിച്ച 75,45,000/- രൂപയിൽ നിന്ന് 75,44,215/- രൂപ കക്ഷിയ്ക്ക് റിലീസ് ചെയ്യുന്നത് അനുമതി നല്കിയും ഉത്തരവാകുന്നു.

4) പരാമർശം (4) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിനുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി നഗരകാര്യ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)
ശ്രീമതി ഇന്ദിര ബഷീർ, (Bainds 128, Abhaya Nagar, Peroorkada P O, Thiruvananthapuram
ജില്ലാ കളക്ടർ, തിരുവനന്തപുരം
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി.എസ്.എസ്.എ./ഇ & ആർ.എസ്.എ), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനവകുപ്പ് (WCD3/104/2023-Fin dtd 16.05.2024)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
Date: 23-05-2024 16:36:24
സെക്ഷൻ ഓഫീസർ